# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 1982 — 14.07.2011-ൽ മറുപടിക്ക്

**<u>ആറ്റിങ്ങൽ പട്ടണത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്ക്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) ദേശീയപാത കടന്നുപോകുന്ന ആറ്റിങ്ങൽ പട്ടണത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്ക് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | എ) ദേശീയപാത കടന്നുപോകുന്ന ആറ്റിങ്ങൽ പട്ടണത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കാനായി peak time ആയ രാവിലെ 8 മണിമുതൽ 11 മണിവരെയും ഉച്ചക്ക് 3 മണി മുതൽ 7 മണി വരെയും കൊല്ലം ഭാഗത്തു നിന്നു വരുന്ന വാഹനങ്ങൾ N.H ലൂടെയും തിരുവനന്തപുരം ഭാഗത്തുനിന്നും കൊല്ലത്തേക്കുപോകുന്ന വാഹനങ്ങൾ പാലസ് റോഡിലൂടെയും കടത്തിവിട്ട് ഗതാഗതക്കുരുക്ക് ഒഴിവാക്കിവരുന്നു. |
| ബി) ആലംകോട് മുതൽ മാമം വരെ തുടർച്ചയായി രാത്രിയിലും പകലും സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഗതാഗത നിയന്ത്രണത്തിനും റോഡ് സുരക്ഷയ്ക്കും പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുമോ; | ബി) രാത്രിയിലും പകലും സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് മാമം, ആലംകോട്, കോരാണി, പൂവമ്പാറ ഭാഗങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കിയും നാഷണൽ ഹൈവേയിലെ മറ്റു പ്രധാന പോയിന്റുകളിൽ ട്രാഫിക് വാർഡൻമാരെയും, ഹോം ഗാർഡുകളെയും നിയമിച്ചും പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ